STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.26/PR/SPMC/PHQ/2023 Date:25.02.2023

# ആൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റ് : കേരള പോലീസിന് മികച്ച നേട്ടം

ഭോപ്പാലിൽ നടന്ന 66 ാമത് ആൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റിൽ കേരള പോലീസിന് മികച്ച നേട്ടം.

സയന്റിഫിക് എയ്ഡ് ടു ഇൻവെസ്റ്റിഗേഷൻ എന്ന വിഭാഗത്തിൽ നടത്തിയ ഫിംഗർ പ്രിന്റ് പ്രായോഗിക പരീക്ഷയിൽ സ്വർണ്ണമെഡലും ഫോറൻസിക് സയൻസ് എഴുത്തുപരീക്ഷയിൽ വെളളിമെഡലും കേരള പോലീസ് കരസ്ഥമാക്കി.

പാലക്കാട് ക്രൈംബ്രാഞ്ച് യൂണിറ്റിലെ സബ്ബ് ഇൻസ്പെക്ടർ മനോജ്.കെ.ഗോപി, എറണാകുളം പിറവം പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ഇന്ദ്രരാജ്.ഡി.എസ് എന്നിവരാണ് യഥാക്രമം സ്വർണ്ണം, വെള്ളി മെഡലുകൾ നേടിയത്. സയന്റിഫിക് എയ്ഡ് ടു ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിൽ ആദ്യമായാണ് കേരള പോലീസ് ഒരേ വർഷം രണ്ടു മെഡലുകൾ കരസ്ഥമാക്കുന്നത്.

പോലീസ് ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി വിഭാഗത്തിൽ വീഡിയോഗ്രാഫിയിൽ സ്വർണ്ണ മെഡലോടെ കേരള പോലീസ് ഒന്നാം സ്ഥാനത്തെത്തി. തിരുവനന്തപുരം റൂറൽ ജില്ലയിലെ ഫോട്ടോഗ്രഫി യൂണിറ്റിലെ മധു.എസ്, സ്റ്റേറ്റ് ഫോട്ടോഗ്രാഫിക് ബ്യൂറോയിലെ ഇസഡ് രാജു.എ എന്നിവർ പകർത്തിയ ദൃശ്യങ്ങളാണ് കേരള പോലീസിനെ പുരസ്കാരത്തിന് അർഹമാക്കിയത്.

ആൻറി സബോട്ടാഷ് വിഭാഗത്തിൽ വി.വി.ഐ.പി ചെക്ക് ആക്സസ് കൺട്രോളിൽ ടീം ഇവന്റിൽ മൂന്നാം സ്ഥാനവും കേരള പോലീസിനാണ്.

ക്രൈം ബ്രാഞ്ച് എസ്.പി അജി.കെ.കെ ടീം മാനേജരും എം.എസ്.പി കമാന്റന്റ് കെ.വി.സന്തോഷ് ടീം മെന്ററും കേരള പോലീസ് അക്കാഡമി ഡിവൈ.എസ്.പി രാകേഷ്.പി.എസ് അസിസ്റ്റന്റ് ടീം മാനേജരുമായിരുന്നു. കണ്ണൂർ ഫോറൻസിക് ലാബ് അസിസ്റ്റന്റ് ഡയറക്ടർ അജീഷ് തെക്കടവൻ ആയിരുന്നു സയന്റിഫിക് എയ്ഡ് ടു ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന്റെ മുഖ്യ പരിശീലകൻ.

മത്സരങ്ങൾക്കുശേഷം തിരിച്ചെത്തിയ സംഘത്തെ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് അഭിനന്ദിച്ചു.

**ഫോട്ടോ ക്യാപ്ഷൻ :** ഭോപ്പാലിൽ നടന്ന ആൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റിൽ പുരസ്കാരങ്ങൾ നേടിയ കേരള പോലീസ് സംഘം സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിനൊപ്പം.

******************************